# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 721** — **17-7-2012-ൽ മറുപടിക്ക്**

## ലൈബ്രറി സെസ്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. എൻ.ഷംസുദ്ദീൻ:<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി: | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പ്രോപ്പർട്ടി ടാക്സിനൊപ്പം ഈടാക്കുന്ന ലൈബ്രറി സെസ്സ്, സർക്കാരിന് കൈമാറാൻ ഏർപ്പെടുത്തിയിട്ടുളള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) പ്രോപ്പർട്ടി ടാക്സിനൊപ്പം ഈടാക്കുന്ന ലൈബ്രറി സെസ്സ്, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനാണ് കൈമാറുന്നത്. |
| (ബി) പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സിന്റെ കണക്ക് പ്രത്യേകമായി സൂക്ഷിക്കാനുളള സംവിധാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുകയുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ റവന്യൂ വരവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് റസീറ്റ്സിൽ പ്രത്യേകമായി ചേർത്തു വരുന്നു. |
| (സി) ലൈബ്രറി സെസ്സ് യഥാകാലം കൈമാറുന്ന കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ? | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് ഓരോ വർഷവും രണ്ടു തവണകളായി ഒന്നാമത്തേത് ഏപ്രിൽ 30 നകവും രണ്ടാമത്തേത് നവംബർ 30 നകവും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കൈമാറണമെന്ന് 20.09.2005 ലെ |

10088/എൽ3/2005/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള വിവിധ തുകകൾ അതാത് സ്ഥാപന ങ്ങൾ/വകുപ്പുകൾക്ക് പിരിച്ചെടുക്കുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം 15 ന് മുമ്പായി അടക്കണമെന്ന് 08.07.2011 ലെ 10812/ആർസി3/11/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈബ്രറി സെസ് യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2011-12 സാമ്പത്തിക വർഷത്തിലെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സെസ്സ് കുടിശ്ശിക തുക ഉറവിടത്തിൽ കുറവ് ചെയ്ത് (Deduction at source) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകുന്നതിന് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാരെ 19-3-2011-ലെ സ.ഉ.(സാധാ)818/2011/തസ്വഭവ പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ